നിലവിലുള്ള പഞ്ചായത്തുകൾ വിഭജിക്കുന്നതിന് നടപടി

16(396) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിലവിലുള്ള പഞ്ചായത്തുകൾ വിഭജിക്കാനും പുനർരൂപീകരിക്കാനും പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ ബൃഹത്തായ പഞ്ചായത്തുകൾ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചില പഞ്ചായത്തുകൾ വിഭജിച്ചുകൊണ്ടും ചിലവയുടെ അതിർത്തി പുനർനിർണ്ണയം ചെയ്തുകൊണ്ടും 29-12-1999-ലെ സ.ഉ. (അ) 266/99/തസ്വഭവ. പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് 1-10-2000 മുതൽ പ്രാബല്യത്തിൽ വരും.

പഞ്ചായത്ത് അംഗങ്ങൾ കൂറുമാറിയത് സംബന്ധിച്ച കേസ്സുകൾ

17(397) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്ത് സമിതി അംഗങ്ങൾ കൂറുമാറിയതായി ബന്ധപ്പെട്ട എത്ര കേസ്സുകൾ നിലവിലുണ്ട് ;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ;

(സി) ഇതിൽ അയോഗ്യമാക്കിയവരുടെ എണ്ണം എത്രയാണ് ; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 196 കേസ്സുകൾ നിലവിലുണ്ട്.

(ബി)

തിരുവനന്തപുരം	24
കൊല്ലം	8
പത്തനം തിട്ട	3
ആലപ്പുഴ	45
കോട്ടയം	9
ഇടുക്കി	11
എറണാകുളം	37
തൃശ്ശൂർ	30

LIBRARY ARCHIVES Kerala Legislative Assembly